ഉത്തരം

(എ) അല്ല.

(ബി) ഇല്ല. സ്പെഷ്യൽ റൂൾസ് അംഗീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ അംഗീകാരമുള്ള ഒരു ഗവേഷണ സ്ഥാപനമാണ് സെന്റർ ഫോർ മാത്തമറ്റിക്കൽ സ്റ്റഡീസ്. ഇവിടെയുള്ളവരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്.

"തിരുവനന്തപുരം ജില്ലയിലെ എച്ച്. എസ്. എ. സോഷ്യൽ സ്റ്റഡീസ് ഒഴിവുകൾ"

119 [3645] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ എച്ച്. എസ്. എ. സോഷ്യൽ സ്റ്റഡീസ് (2003 ഫെബ്രുവരി 28) റാങ്ക് ലിസ്റ്റിൽ നിന്നും നിലവിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും എത്ര ഒഴിവുകൾ ഇപ്പോൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(സി) എച്ച്. എസ്. എസ്. ടി. പ്രൊമോഷൻവഴി എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(ഡി) അടുത്ത വിദ്യാഭ്യാസ വർഷം എത്ര റിട്ടയർമെന്റ് ഒഴിവുകൾ തിരുവനന്തപുരം ജില്ലയിൽ ഉണ്ടാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 38 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ആറ് ഒഴിവുകൾ ഉണ്ട്. ഇതിൽ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ 2 ഒഴിവുകൾ പി. എസ്. സി.-യെ അറിയിച്ചിട്ടുണ്ട്.

(സി) ഒന്ന്.

(ഡി) നാല് ഒഴിവുകൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്.

ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഭൂമിശാസ്ത്രം ജൂനിയർ അദ്ധ്യാപകരുടെ നിയമനം

120 [3646] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിലാണ് ഭൂമിശാസ്ത്രം-ജൂനിയർ അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുള്ളതെന്നും, പ്രസ്തുത സ്കൂളുകളുടെ പേരും ജില്ല തിരിച്ചുള്ള കണക്കും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഒഴിവുകളിൽ പി. എസ്. സി. ലിസ്റ്റിൽ നിന്നും സ്ഥിരം നിയമനം നടത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) പി. എസ്. സി. റാങ്ക് ലിസ്റ്റ് തയ്യാറായിട്ടുള്ള സാഹചര്യത്തിൽ ഈ ഒഴിവുകളിൽ ഈ വർഷം തന്നെ നിയമനം നടത്താൻ തയ്യാറാകുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) - (സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

പട്ടികജാതിയിൽപ്പെട്ട ഹൈസ്ക്കൂൾ അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം

121 [3647] *ശ്രീ. യു. സി. രാമൻ:*
,, *ഇസ്ഹാക് കുരിക്കൾ:*
,, *ടി. പി. എം. സാഹിർ:*
,, *സി. മമ്മൂട്ടി:*
,, *കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽ പട്ടികജാതിയിൽപ്പെട്ട പതിനഞ്ച് വർഷത്തോളം സർവ്വീസുള്ള മലയാള ഭാഷാ ഹൈസ്ക്കൂൾ അദ്ധ്യാപകരെ ഹയർ സെക്കണ്ടറിയിൽ തസ്തികമാറ്റം വഴി നിയമനം നടത്തിയതിൽ ഇതര നിയമനങ്ങളിലുള്ള സംവരണതത്വം പാലിച്ചിട്ടുണ്ടോ;

(ബി) സ്പെഷ്യൽ റൂൾസ് ഇതിനായി ഭേദഗതി വരുത്താൻ ഉദ്ദേശമുണ്ടോ;

(സി) മാസ്റ്റർ ബിരുദത്തിൽ 50% ത്തിൽ താഴെ മാർക്ക് ഉള്ള പട്ടികജാതിയിൽപ്പെട്ട സർക്കാർ ഹൈസ്ക്കൂൾ അദ്ധ്യാപകരേയും ഇത്രയും വർഷത്തെ സർവ്വീസിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) തസ്തികമാറ്റം വഴി ഹയർ സെക്കണ്ടറി അദ്ധ്യാപകരായി നിയമിക്കപ്പെടുന്നവർ നിലവിൽ എച്ച്.എസ്.എ./യു.പി.എസ്.എ./എൽ. പി. എസ്.എ. എന്നീ ഏതെങ്കിലും തസ്തികകളിൽ ജോലി ചെയ്യുന്നവരാണ്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്ന സമയത്തുതന്നെ അവർക്ക് സംവരണത്തിന്റെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. തസ്തികമാറ്റം വഴിയുള്ള നിയമനം പുതിയ നിയമമല്ലായെന്നിരിക്കെ ഒരേ ആനുകൂല്യം ഒന്നിൽക്കൂടുതൽ തവണ ലഭ്യമാക്കാൻ സാധിക്കുകയില്ല. അതിനാൽ ഇതിനായി സ്പെഷ്യൽ റൂൾസിൽ ഭേദഗതി നിർദ്ദേശങ്ങൾ പരിഗണനയിൽ ഇല്ല.

(സി) അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയിൽ ഏതെങ്കിലും തരത്തിലുള്ള ഇളവ് അനുവദിക്കുന്നത് വിദ്യാഭ്യാസ നിലവാരത്തെ ബാധിക്കുമെന്നതിനാലും, സ്ഥാനക്കയറ്റം നൽകി നിയമനം നടത്തുമ്പോൾ വിദ്യാഭ്യാസയോഗ്യതയിൽ ഇളവ് അനുവദിക്കുന്നത് നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായതിനാലും ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly